# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം അവലോകനയോഗം

കൊച്ചി: നാളികേര വികസന ബോർഡ് നടപ്പിലാക്കിയ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലന പരിപാടിയുടെ ഭാഗമായി കലവൂരിലുള്ള സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, മാരാരിക്കുളം എസ്എൻഡിപി ഹാൾ എന്നിവിടങ്ങളിൽ നിന്ന് പരിശീലനം ലഭിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിമാരുടെ അവലോകനയോഗം ആറിന് ഉച്ചകഴിഞ്ഞ് മൂന്നിന് നാളികേര വികസന ബോർഡിന്റെ കൊച്ചി ഓഫീസിൽ ചേരും.

മേൽപറഞ്ഞ ട്രെയിനിംഗ് സെന്ററുകളിൽ നിന്ന് തെങ്ങുകയറ്റ പരിശീലനം ലഭിച്ച എല്ലാ ചങ്ങാതിമാരും അവലോകന യോഗത്തിൽ പങ്കെടുക്കണമെന്ന് ബോർഡ് അധികൃതർ പത്രക്കുറിപ്പിൽ അറിയിച്ചു.